I.ഇ.ബി.XIകേരള നിയമസഭ/IV6

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂൺ 24, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### അറിയിപ്പ്

Mr. Speaker: Order. . .Order . . .

The Superintendent Viyyur Central Prison has informed that Shri.K.P. Rajendran, MLA was released on bail from the Prison on 19.06.02 as per the Order No.157/2002 of Judicial I Class Magistrate II, Thrissur.

അടിയന്തിര പ്രമേയത്തിന് ഒരു നോട്ടീസ് കിട്ടിയിട്ടുണ്ട്, അത് സബ്മിഷനായി അവതരിപ്പിക്കാവുന്നതാണ്.

## ശ്രദ്ധക്ഷണിക്കൽ

1. <u>കുളമ്പുരോഗം പടർന്നുപിടിക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി</u>

**<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>**: കണ്ണൂർ ജില്ലയിലെ ഏഴോം, ചെറുതാഴം, പാണപ്പുഴ, കണ്ണപുരം തുടങ്ങിയ പഞ്ചായത്തുകളിൽ കുളമ്പുരോഗം അതീവ ഗുരുതരമായി വ്യാപി ച്ചിരിക്കുന്നതിന്റെ ഫലമായി അവിടത്തെ ക്ഷീര കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. 20,000 രൂപയോളം വിലമതിക്കുന്ന നൂറിലധികം പശുക്കൾ ചത്തൊടുങ്ങിയിട്ടുണ്ട്. കുളമ്പുരോഗം വരാതിരിക്കുവാനായി മരുന്ന് കുത്തിവച്ച പശുക്കൾക്കാണ് രോഗം പിടിപെട്ടിട്ടുള്ളത്. കേരളത്തിലെ പല ഭാഗങ്ങ ളിലും ഈ രോഗം ബാധിച്ചുകൊണ്ടിരിക്കുകയാണ്. അത്യന്തം ഗുരുതരവും മാരകവുമായിട്ടുള്ള ഈ രോഗം കന്നുകാലികളെ ബാധിച്ചിരിക്കുന്നതിനാൽ അതീവ ഗുരുതരമായിട്ടുള്ള പ്രത്യാ ഘാതം കാർഷികമേഖലയിലുണ്ടാക്കും. കറവപ്പശുക്കളുടെ അകിടിനും ഈ രോഗം ബാധി ക്കുന്നുണ്ട്. പ്രസ്തുത പഞ്ചായത്തുകളിലെ ജനങ്ങൾ പാൽ ഉപയോഗിക്കാതിരിക്കുന്നതിനാൽ അവിടത്തെ ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനവും സ്തംഭിച്ചിരിക്കുകയാണ്. പ്രതിരോധമരുന്ന് കുത്തിവച്ചതിലൂടെ പശുക്കൾക്ക് ഈ രോഗം എങ്ങനെയുണ്ടായി എന്നതിനെ സംബന്ധിച്ചും ഗവൺമെന്റ് ഗൗരവത്തോടെ അന്വേഷിക്കണം. മുമ്പ് കുത്തി വയ്ക്കാൻ ഉപയോഗിച്ചിരുന്ന ജർമ്മൻ കമ്പനിയുടെ മരുന്ന് മാറ്റിയിട്ട് നിലവാരം കുറഞ്ഞ മറ്റേതോ കമ്പനിയുടെ മരുന്നാണ് ഇപ്പോൾ ഉപയോഗിച്ചത്. കേരളത്തിനു പുറത്തുള്ള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ ഒരു സാങ്കേതിക വിദഗ്ദ്ധനെക്കൊണ്ട് ഇത് അന്വേഷിപ്പിക്കണം. എത്രമാത്രം സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും ജീവകാരുണ്യ പ്രശ്നമെന്നുള്ള നിലയിൽ പശുക്കളുടെ ഉടമകൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിന് അടിയന്തിര ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം

കൃഷിയും കയറും വകുപ്പുമന്ത്രി **<u>(ശ്രീമതി കെ.ആർ. ഗൗരിയമ്മ)</u>**: കണ്ണൂർ ജില്ലയിലെ ഏഴോം, ചെറുതാഴം എന്നീ പഞ്ചായത്തുകളിലും പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ ചില പ്രദേശങ്ങളിലും ആലപ്പുഴ ജില്ലയിൽ മണ്ണഞ്ചേരി, മാരാരിക്കുളം എന്നീ പഞ്ചായത്തുകളിലും എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, കോതമംഗലം എന്നീ പ്രദേശങ്ങളിലും കൊല്ലം ജില്ലയിൽ അഞ്ചാലുംമൂട്, മയ്യനാട് എന്നീ പ്രദേശങ്ങളിലും ഇടുക്കി ജില്ലയിൽ നീലംപേരൂർ, ടി.വി. പുരം എന്നീ പ്രദേശങ്ങളിലുമായി 700–ലധികം കന്നുകാലികൾക്ക് കുളമ്പുരോഗം പിടിപെട്ടിട്ടുണ്ട്. രോഗലക്ഷണങ്ങൾ കണ്ടതുമുതൽ ചികിത്സയും പ്രതിരോധ നടപടികളും യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുണ്ട്. ചികിത്സയ്ക്കാവശ്യമായ മരുന്നുകളും വെറ്ററിനറി ഡോക്ടർമാരുടെ സേവനവും ഉറപ്പുവരുത്തിയിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ

രോഗനിർണ്ണയത്തിന് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അഞ്ച് ഡോക്ടർമാരും ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുമടങ്ങുന്ന സംഘങ്ങളെ രോഗനിയന്ത്രണത്തിനും ചികിത്സയ്ക്കുമായി നിയോഗിച്ചിട്ടുമുണ്ട്. പഞ്ചായത്തുകളിലെ ക്ഷീരോല്പാദക സംഘങ്ങളുടെ പൂർണ്ണ സഹകരണത്തോടെയാണ് ഇത് നടപ്പിലാക്കിവരുന്നത്. രോഗം പടർന്നുപിടിക്കാൻ ഇടയായ സാഹചര്യത്തെ സംബന്ധിച്ച് വിദഗ്ദ്ധപഠനം നടത്തുന്നതിന് കേരള സർവ്വകലാശാല വെറ്ററിനറി കോളേജിലെ പത്തോളജി, പ്രിവന്റീവ് മെഡിസിൻ എന്നീ വിഭാഗങ്ങളിലെ വിദഗ്ദ്ധൻമാരെ നിയോഗിച്ചിട്ടുണ്ട്. കന്നുകാലികൾക്ക് രോഗം വന്ന് മരണപ്പെട്ടാൽ നഷ്ടപരിഹാരം നല്കുന്നതിന് ഇൻഷ്വറൻസ് അല്ലാതെ മറ്റ് പദ്ധതികൾ മൃഗസംരക്ഷണവകുപ്പിൽ ഇപ്പോൾ ഇല്ല. മൃഗസംരക്ഷണമേഖലയിൽ ചത്തുപോകുന്ന പശുക്കൾക്കും മരുന്നിനാവശ്യമായ പണവും ഉടമകൾക്ക് എന്തെങ്കിലും സംഭവിച്ചാൽ പ്രതിഫലം കിട്ടത്തക്ക വിധത്തിലും പുതിയൊരു ഇൻഷ്വറൻസ് സ്കീം ഈ വർഷം മുതൽ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. <u>മലബാർ മേഖലയിലെ വിനോദസഞ്ചാര വികസന സാദ്ധ്യതകൾ</u>

**<u>ശ്രീ. കെ. എൻ. എ. ഖാദർ</u>** : വളരെ പണ്ടുമുതൽതന്നെ സഞ്ചാരികളെ ആകർഷിക്കുന്നതും കേരളത്തിലെ നിരവധി പുരാതന കലകളുടെ ആസ്ഥാനവും നിരവധി പ്രശസ്തരായ കവികൾക്കും സാഹിത്യ-സാംസ്ക്കാരിക നായകൻമാർക്കും ജന്മം നൽകിയിട്ടുള്ളതും അനേകം വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഉൾക്കൊള്ളുന്നതുമായ മലബാറിന്റെ വിനോദസഞ്ചാര സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. അതിന്റെ ഭാഗമായി മലബാറിനെ വിനോദ സഞ്ചാര സർക്യൂട്ടിൽ ഉൾപ്പെടുത്തണം. വിനോദ സഞ്ചാര മേഖലയായി ഇതുവരെ ഐഡന്റിഫൈ ചെയ്തിട്ടില്ലാത്ത കേന്ദ്രങ്ങൾ ഐഡന്റിഫൈ ചെയ്യണം. പ്രവർത്തനരഹിതമായിരിക്കുന്ന ടൂറിസം പ്രൊമോഷൻ കൗൺസിൽ പുനഃസംഘടിപ്പിക്കുകയും പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുകയും ടൂറിസം വികസനത്തിനുവേണ്ടി മലബാറിന് 25 കോടി രൂപ അനുവദിക്കുകയും ചെയ്യണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(പ്രൊഫ. കെ. വി. തോമസ്):</u> മലബാറിന്റെ വിനോദസഞ്ചാര വികസനത്തിന് പ്രത്യേകമായ ശ്രദ്ധയും പരിഗണനയും ഈ ഗവൺമെന്റ് നൽകുന്നുണ്ട്. അതിന്റെ ഭാഗമായി കേന്ദ്രത്തിലേയും വിവിധ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേയും ടൂറിസം മന്ത്രിമാരേയും ടൂറിസവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരേയും വിദഗ്ദ്ധന്മാരേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു മലബാർ ടൂറിസംമേള കോഴിക്കോട്ട് നടക്കുകയാണ്. കൊണ്ടോട്ടി, തിരൂർ യാത്രിനിവാസുകളുടെ പണി ആരംഭിച്ചുകഴിഞ്ഞു. ബത്തേരി ടൂറിസം റിസപ്ഷൻ സെന്ററിന്റെ നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ്. കോഴിക്കോട് ഡ്രീംസിറ്റി പ്രോജക്ട് തുടങ്ങുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിനുവേണ്ടി അനുവദിച്ചിരിക്കുന്ന 50 കോടി

രൂപയിൽ 15 കോടി രൂപ പാലക്കാട് നെല്ലിയാംപതി റോഡിനുവേണ്ടിയാണ് മാറ്റിവച്ചിട്ടുള്ളത്. കേരളത്തിലൂടെ കടന്നുപോകുന്ന ആറു ടൂറിസം സർക്യൂട്ടുകളിൽ രണ്ടെണ്ണം മലബാറിലൂടെയാണ് കടന്നുപോകുന്നത്.

## സബ്മിഷൻ

### (1) ഷിജുവിനെ പോലീസ് മർദ്ദിച്ചതു സംബന്ധിച്ച്

ശ്രീ. പി. എസ്. സുപാൽ : മോഷണക്കുറ്റം ചുമത്തി പുനലൂർ പോലീസ് കസ്റ്റഡിയിലെടുത്ത ഷിജു എന്ന 15 വയസ്സുകാരനെ മൃഗീയവും അതിക്രൂരവുമായി പീഡിപ്പിച്ച പോലീസുകാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി **(ശ്രീ. എ.കെ ആന്റണി)**: പുനലൂർ കെ.എസ്.ആർ.ടി.സി. കവലയ്ക്ക് സമീപം തലക്കുളത്ത് രാധമ്മ നടത്തിവരുന്ന മുറുക്കാൻ കടയിൽനിന്നും 21-6-02 വെളുപ്പിന് മോഷണമുതലുമായി ഷിജുവിനെ നാട്ടുകാർപിടികൂടി പോലീസിൽ ഏല്പിച്ചു. ഇൻഡ്യൻ ശിക്ഷാ നിയമം 457, 353 വകുപ്പു പ്രകാരം കേസ് രജിസ്റ്റർ ചെയ്തു കോടതിയിൽ ഹാജരാക്കിയ ഷിജുവിനെ കൊല്ലം ജൂവനൈൽ ഹോമിൽ പാർപ്പിക്കുയും ചെയ്തു. ശരീരവേദനയെത്തുടർന്ന് 22-06-02 മുതൽ ഷിജുവിനെ കൊല്ലം ജില്ലാ ആശുപത്രിയിൽ ചികിത്സിച്ചുവരികയാണ്. പോലീസ് മർദ്ദനം ഏററതായി പരാതി ഒന്നും ലഭിച്ചിട്ടില്ല. പുനലൂർ ഡിവൈ.എസ്.പി നടത്തി.യ പരിശോധനയിലും മർദ്ദനം നടന്നതായി തെളിഞ്ഞിട്ടില്ല.

### 2. വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ പ്രാതിനിധ്യം 10 ശതമാനമാക്കി ഉയർത്തുന്നതു സംബന്ധിച്ച്

**ശ്രീ .കെ.സി. വേണുഗോപാൽ:** വനിതാ പോലീസ് കോൺസ്റ്റബിൾ നിയമനത്തിന്
പി.എസ് സി തയ്യാറാക്കിയ ലിസ്റ്റിൽനിന്നും മുഴുവൻ പേർക്കും ട്രെയിനിംഗ് നൽകി. വനിതാ കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ നികത്തണമെന്നും അവരുടെ പ്രാതിനിധ്യം രണ്ടു ശതമാനത്തിൽനിന്നും പത്തു ശതമാനമാക്കി ഉയർത്തുമെന്നുള്ള ഗവൺമെന്റിന്റെ വാഗ്ദാനം നടപ്പിലാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി **(ശ്രീ. എ.കെ ആന്റണി)**: സംസ്ഥാന വനിതാ കോൺസ്റ്റബിൾമാരുടെ പ്രാതിനിധ്യം 2 ശതമാനത്തിൽനിന്നും പത്തു ശതമാനമാക്കി ഉയർത്തുമെന്നുള്ളത് 1995-ൽ എടുത്ത തീരുമാനമാണ്. അത് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു
വരികയാണ്. 700 വനിതാ പോലീസുകാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 916 ഒഴിവുകളുമുണ്ട്. പി.എസ്.സി 910 പേർക്ക് അഡ്വൈസ് നൽകിയിട്ടുണ്ട്. അതിൽ 499 പേർക്ക്

തൃശൂർ പോലീസ് അക്കാഡമിയിൽ പരിശീലനം നൽകിവരുന്നു. ജൂലൈ 15-ന് പ്രസ്തുത പരിശീലനം അവസാനിച്ചു കഴിഞ്ഞാൽ അടുത്ത ബാച്ചിനെ പരിശീലിപ്പിക്കുന്നതാണ്. വനിതാ കോൺസ്റ്റബിൾമാരുടെ പ്രാതിനിധ്യം 2 ശതമാനത്തിൽനിന്നും പത്തു ശതമാനമാക്കി ഉയർത്തണമെന്നത് ഗവൺമെൻറിന്റെ ഉറച്ച നിലപാടാണ്.

## 3 ചുഴലിക്കാറ്റുമൂലം നഷ്ടം സംഭവിച്ചവർക്ക് ധനസഹായം

ശ്രീ കെ.പി. മോഹനൻ: ചുഴലിക്കാറ്റുമൂലം പെരിങ്ങളം നിയോജകമണ്ഡലത്തിൽപ്പെട്ട ഏഴ് പഞ്ചായത്തുകളിൽ വീടുകൾ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ടവർക്ക് ഇതുവരെയും ധനസഹായം ലഭ്യമാക്കിയിട്ടില്ല. അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

റവന്യൂവും നിയമവും വകുപ്പു മന്ത്രി **(ശ്രീ. കെ.എം. മാണി):** സംസ്ഥാനത്ത് ചുഴലി ക്കാറ്റുമൂലം നാശനഷ്ടം സംഭവിച്ചവർക്ക് 2-4-02-ലെ ജി.ഒ. അനുസരിച്ച് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. അർഹതപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരം ലഭ്യമായിട്ടില്ലെങ്കിൽ അത് സംബന്ധിച്ച് പരാതി നൽകിയാൽ പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതാണ്.

## 4. ബീഡിത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ

ശ്രീ കളത്തിൽ അബ്ദുള്ള: ബീഡിത്തൊഴിലാളികൾ ഇന്നു ഏറ്റവും കൂലി കുറഞ്ഞവിഭാഗമായി മാറിയെന്നു മാത്രമല്ല വലിയൊരു വിഭാഗം തൊഴിലില്ലാതെ കഷ്ടപ്പെടുകയുമാണ്. അതിനാൽ പഞ്ഞമാസങ്ങളിൽ അവർക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.എ.കെ ആന്റണി): ബീഡിത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗുരുതരമായ ഒരു സാമൂഹ്യ പ്രശ്നമാണ്. പ്രകൃതിക്ഷോഭം മൂലം ദുരിതം അനുഭവിക്കുന്നവർക്കാണ് സൗജന്യ റേഷൻ അനുവദിക്കാറുള്ളത്. പഞ്ഞമാസങ്ങളിൽ ഈ വിഭാഗം തൊഴിലാളികൾക്കെല്ലാം സൗജന്യറേഷൻ അനുവദിക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുമൂലം കഴിയുകയില്ല.

## 5 .സെറികൾച്ചർ രംഗത്തുണ്ടായ സ്തംഭനാവസ്ഥ

ശ്രീ. സാജു പോൾഃ സെറികൾച്ചർ രംഗം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. സെറിഫെഡ്ഡിലെ ജീവനക്കാർക്ക് രണ്ടു മൂന്നു മാസമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. അടിയന്തിരമായി ഈ പ്രശ്നം പരിഹരിക്കണം.

ഗ്രാമ വികസന വകുപ്പുമന്ത്രി (ശ്രീ. സി.എഫ്. തോമസ്)ഃ സെറിഫെഡ്ഡിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

### 6. അടച്ചുപൂട്ടുന്ന സർക്കാർ സ്കൂളുകൾ നിലനിർത്തുന്നതു സംബന്ധിച്ച്

**ശ്രീ.എം. എ. വാഹീദ്ഃ** വിദ്യാഭ്യാസരംഗത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യംമൂലം അൺ എയിഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. ഇതുമൂലം സർക്കാർ സ്കൂളുകളിൽനിന്നും വിദ്യാർത്ഥികൾ വൻതോതിൽ കൊഴിഞ്ഞു പോകുന്നു. അതിനാൽ സർക്കാർ സ്കൂളുകൾ നിലനിർത്തുന്നതിന് ഓരോ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ കൂടി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി **(ശ്രീ.നാലകത്ത് സൂപ്പി)** ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. 50 കുട്ടികൾവീതം മൂന്ന് ഡിവിഷൻ ഉള്ള സ്ക്കൂളുകളിൽ ഒരു ഡിവിഷൻ ഇംഗ്ലീഷ് മീഡിയമാക്കുക എന്നതാണ് തീരുമാനം. ഇപ്പോൾ പുതിയ പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുമ്പാകെ കിട്ടിയിട്ടുള്ളത് മിനിമം 30 കുട്ടികൾവീതം ഉള്ള രണ്ട് ഡിവിഷൻ ഉണ്ടെങ്കിൽ അവയിൽ ഒരു ഡിവിഷൻ ഇംഗ്ലീഷ് മീഡിയമാക്കി മാറ്റാം എന്നാണ്. ഈ റിലാക്സ്ഡ് ഫോർമുല സർക്കാർ സ്ക്കൂളുകൾക്ക് ബാധകമാക്കും. നാലാം ക്ലാസ്സുമുതൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കുട്ടികൾ കുറവായതുമൂലം നിർത്തൽ ചെയ്യാൻ പോകുന്ന എൽ. പി. സ്ക്കൂളുകളിൽ 30 കുട്ടികളുള്ള രണ്ട് ഡിവിഷനുകൾ ഉണ്ടെങ്കിൽ ഒരു ഡിവിഷൻ ഇംഗ്ലീഷ് മീഡിയമായി അനുവദിക്കും.

### 7. കൈവശഭൂമയിലെ വൃക്ഷങ്ങൾ വെട്ടിയെടുക്കുന്നതിന് കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ.രാജു എബ്രഹാം: കൃഷിക്കാർക്ക് പട്ടയം കിട്ടിയ കൈവശഭൂമിയിലെ വൃക്ഷങ്ങൾ മുറിച്ചെടുക്കാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിന് പരിഹാരമുണ്ടാക്കണം.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി **(ശ്രീ. കെ. സുധാകരൻ)** കൃഷിക്കാർക്ക് പട്ടയം കിട്ടിയ കൈവശഭൂമി ഇതുവരെ ഡിസ്റിസർവ് ചെയ്യാത്തതുകൊണ്ടാണ് മരം മുറിക്കാൻ കഴിയാത്തത്. 1975–ലെ കേരള ഫോറസ്ററ് ആക്ട് പ്രകാരം കൈവശഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് തടസ്സമുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

**ധനകാര്യം**

2002-2003 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജററിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥ ന്മാർ
( 69,03,59,000 രൂപ)

തൊഴിൽ വകുപ്പുമന്ത്രി **(ശ്രീ. ബാബു ദിവാകരൻ)** പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി **(ശ്രീ. കെ. ശങ്കരനാരായണൻ)** സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ കെ. കെ. ജയച്ചന്ദ്രൻ, എം.വി. ജയരാജൻ, വി.കെ.സി. മമ്മത് കോയ, മത്തായി ചാക്കോ, സാജു പോൾ, പി. ജയരാജൻ, ടി.കെ. ദേവകുമാർ, കോടിയേരി ബാലകൃഷ്ണൻ, ടി.കെ. ബാലൻ, എ.കെ. ബാലൻ, എ.സി. ഷണ്മുഖദാസ്, കോവൂർ കുഞ്ഞുമോൻ, കെ.പി. രാജേന്ദ്രൻ, എം. കുമാരൻ, മാങ്കോട് രാധാകൃഷ്ണൻ, എൻ. രാജൻ, ടി.പി. രാമകൃഷ്ണൻ, കെ.പി. മോഹനൻ, സി.കെ. നാണു, വി.സി. കബീർ, വി. ചെന്താമരാക്ഷൻ, മഞ്ഞളാംകുഴി അലി, രാജു എബ്രഹാം, കെ.വി. കുഞ്ഞിരാമൻ, ശ്രീമതി പി. കെ ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ഡോ. എ. നീലലോഹിതദാസൻ നാടാർ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പുച്ചു.)

**ശ്രീ.കെ.പി.രാജേന്ദ്രൻ:** ധനാഭ്യർത്ഥനയെ എതിർക്കുന്നു. ജനങ്ങളെ കൂടുതൽ പ്രയാസങ്ങളിലേയ്ക്ക് തള്ളിവിട്ടുകൊണ്ടിരിക്കുന്ന നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഗവണ്മെന്റിന്റെ ചെലവുകൾ ചുരുക്കിക്കൊണ്ട് സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. സാധാരണ ജനവിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. ജനകീയ പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടുന്ന ഈ ഗവണ്മെന്റിന്റെ നയസമീപനങ്ങൾ അവസാനിപ്പിക്കണം. കേന്ദ്ര

ഗവണ്മെന്റ് നടപ്പിലാക്കുന്നതിനേക്കാൾ വേഗത്തിൽ ആഗോളവൽക്കരണ നടപടികൾ പ്രാവർത്തികമാക്കുന്നതിന് ഈ ഗവണ്മെന്റ് കാണിച്ചുകൊണ്ടിരിക്കുന്ന വ്യഗ്രത ജനങ്ങളിൽ കൂടുതൽ ആശങ്ക പരത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പല കമ്മീഷൻ റിപ്പോർട്ടുകളും തയ്യാറാക്കിക്കൊടുത്ത ഉദ്യോഗസ്ഥന്മാർ പിന്നീട് വേൾഡ് ബാങ്കിന്റെയും ധനകാര്യ സ്ഥാപനങ്ങ ളിലേയും ഉദ്യോഗസ്ഥന്മാരായി മാറുന്നു. എ.ഡി.ബി.യിൽ നിന്ന് കിട്ടുന്ന വായ്പകൊണ്ട് സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മുഴുവൻ പരിഹരിക്കാൻ കഴിയുമെന്ന് കരുതുന്നത് ശരിയല്ല. എസ്.ബി.ടി.യും ലീഡ് ബാങ്കായ കാനറാ ബാങ്കും ഉൾപ്പെടെ കേരള ത്തിലുള്ള ബാങ്കുകളിൽ 24,000 കോടി രൂപയുടെ നിക്ഷേപം കഴിഞ്ഞ ഡിസംബർ 31 വരെ ഡെഡ് മണിയായിട്ട് കിടക്കുന്നുണ്ട്. ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് അവയിൽ ഡെഡ് മണിയായിട്ട് കിടക്കുന്ന നിക്ഷേപം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി വിനിയോഗിക്കുന്നതിന് ബന്ധപ്പെട്ടവരുമായി ചർച്ച നടത്താൻ ഗവൺമെന്റ് തയ്യാറാ കണം. പല വിദേശ രാജ്യങ്ങളിലും ആയുധക്കച്ചവടത്തിലൂടെയും മയക്കുമരുന്ന് കച്ചവട ത്തിലൂടെയും കുമിഞ്ഞുകൂടിയിട്ടുള്ള പണം സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുന്ന സംസ്ഥാനങ്ങളെ അടിച്ചേല്പിച്ച് വെള്ളപ്പണമാക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. കേരളത്തിന്റെ എല്ലാ മേഖലയുമായും ബന്ധമുള്ളതും പതിനായിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്നതുമായ ' ഫാക്ട് ' കേന്ദ്ര ഗവൺമെന്റിന്റെ സ്വകാര്യവൽക്കരണ നയംമൂലം ഇല്ലാതാകുന്ന അവസ്ഥയ്ക്കെതിരെ പ്രതികരിക്കാൻ ഈ ഗവൺമെന്റ് ശ്രമിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന തീരുമാനങ്ങൾ അതേപടി അംഗീകരിക്കുകയല്ലാതെ അതിനെതിരെ പ്രതിഷേധിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. ഇത്തരം ജനദ്രോഹ നടപടികൾ അവസാനിപ്പിക്കണം.

<u>ശ്രീ.കെ.സി.ജോസഫ്:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സാംപത്തിക പ്രതിസന്ധിയിൽ അകപ്പെട്ട സംസ്ഥാനത്തെ അതിൽനിന്ന് കരകയറ്റി മുന്നോട്ട് നയിക്കാൻ കഴിവുള്ള ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. സംസ്ഥാനത്തിന്റെ നോൺ ടാക്സ് റവന്യു പ്രതിവർഷം 7010 കോടി രൂപയായിരിക്കുന്ന സ്ഥാനത്ത് ശംപളം, പെൻഷൻ, പലിശ എന്നിവയ്ക്കായി 8940 കോടി രൂപ ചെലവഴിക്കേണ്ടതായ സാഹചര്യം എങ്ങനെ ഉണ്ടായി എന്നതിനെക്കുറിച്ച് ഭരണ-പ്രതിപക്ഷ ഭേദമെന്യേ ചിന്തിക്കണം. കേരളം എത്തി നിൽക്കുന്ന എല്ലാ കെടുതികൾക്കും നേട്ടങ്ങൾക്കും ഇവിടെ ഭരണം നടത്തിയിട്ടുള്ള എല്ലാ രാഷ്ട്രീയപ്പാർട്ടികൾക്കും തുല്യമായ പങ്കാളിത്തമുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺ മെന്റിന്റെ അഞ്ചുവർഷക്കാലത്തെ ഭരണംകൊണ്ട് ഭരണച്ചെലവ് ഇരട്ടിയിലധികമായിരിക്കുന്നു. 1996-97-ൽ കേരളത്തിന്റെ പൊതുകടം 12,000 കോടി രൂപയായിരുന്നുവെങ്കിൽ ഇപ്പോൾ അത് ഇരട്ടിയായി വർദ്ധിച്ചിരിക്കുന്നു. മോചനമില്ലാത്ത കടക്കെണിയിൽപ്പെട്ട സംസ്ഥാനത്തെ കര കയറ്റാൻ അപ്രിയമാണെങ്കിലും ചില നടപടികൾ സ്വീകരിക്കാൻ ചങ്കൂറ്റം കാണിച്ച ഗവൺ മെന്റാണിത്. കഴിഞ്ഞകാല ഗവൺമെന്റുകൾ ആനുകൂല്യങ്ങൾ വാരിക്കോരിക്കൊടുത്ത് വരവ് അറിയാതെ ചെലവ് ചെയ്തതിന്റെ ഫലമായി

തകർച്ചയിലെത്തിയ സംസ്ഥാനത്തിന്റെ സംപദ്ഘടന മെച്ചപ്പെടുത്താൻ ജീവനക്കാരുടെ പ്രശ്നത്തിൽ നിശ്ചയ ദാർഢ്യത്തോടുകൂടിയുള്ള തീരുമാനമാണ് ഈ ഗവൺമെന്റ് കൈക്കൊണ്ടത്. അവരെ സഹായിക്കാനുള്ള മാനസികമായ തയ്യാറെടുപ്പ് പ്രതിപക്ഷത്തിന് ഉണ്ടാകണം. എ.ഡി.ബി.യിൽനിന്നും വായ്പ എടുക്കാനുള്ള ശ്രമത്തെ ആക്ഷേപിക്കുന്ന പ്രതിപക്ഷം കഴിഞ്ഞ ഗവൺമെന്റ് സാംപത്തിക പരിഷ്ക്കാരങ്ങളുടെ പേരിൽ ലോകബാങ്കിൽനിന്നും എ.ഡി.ബി.യിൽനിന്നും വായ്പ എടുക്കാൻ ശ്രമിച്ചിരുന്നുവെന്നുള്ള കാര്യം വിസ്മരിക്കരുത്. ഇൻഡ്യാ ഗവൺമെന്റ് അംഗീകരിച്ച വ്യവസ്ഥകൾക്കനുസരണമായാണ് കേരളം വായ്പ എടുക്കുന്നത്. യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് സംസ്ഥാനം നേരിടുന്ന സാംപത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ പ്രതിപക്ഷം തയ്യാറാകണം. പത്താം പഞ്ചവൽസരപദ്ധതിയുടെ ഒന്നാം വർഷ പദ്ധതിവിഹിതമായി ഈ ഗവൺമെന്റിന് 4025 രൂപ നേടിയെടുക്കാൻ കഴിഞ്ഞത് ശ്രദ്ധേയമായ കാര്യമാണ്. വിദ്യാഭ്യാസ രംഗത്ത് കേരളത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് ഉതകുന്ന നടപടിയാണ് ഗവൺമെന്റ് കൈക്കൊള്ളുന്നത്. ലക്ഷക്കണക്കിന് രൂപ കോഴ കൊടുത്ത് കേരളത്തിലെ വിദ്യാർത്ഥികൾ അയൽ സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസം നടത്തേണ്ട സാഹചര്യം ഒഴിവാക്കാൻ അൺ എയിഡഡ് മേഖലയിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന നടപടിയെ പ്രതിപക്ഷം എതിർക്കുന്നതിനോട് യോജിക്കാൻ കഴിയുകയില്ല. രാജീവ്ഗാന്ധി കമ്പ്യൂട്ടറൈസേഷൻ കൊണ്ടുവന്നപ്പോൾ എതിർത്ത ഇടതുപക്ഷ ജനാധിപത്യ മുന്നണി വർഷങ്ങൾക്കുശേഷം എ. കെ. ജി. സെന്റർ അടക്കം കമ്പ്യൂട്ടറൈസ് ചെയ്തു. എല്ലാ രംഗങ്ങളിലും ഇതാണ് സ്ഥിതി. ഇനിയെങ്കിലും കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാകണം. കേരളത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ എല്ലാവരുടേയും കൂട്ടായ പരിശ്രമം ആവശ്യമാണ്. ഇൻഡ്യയിലെ പരമോന്നത പദവിയായ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ, ദേശീയ പ്രശ്നത്തിൽ, ഒരു അഭിപ്രായ സമന്വയമുണ്ടാക്കാൻ കോൺഗ്രസ്സ് ശ്രമിക്കുകയും ഇൻഡ്യയിലെ വർത്തമാനകാല സാഹചര്യത്തിൽ സ്വീകരിക്കാൻ കഴിയുന്ന ഏറ്റവും നല്ല തീരുമാനം കൈക്കൊള്ളുകയും ചെയ്തു. കേരളത്തിന്റെ മോചനത്തിനുവേണ്ടി നിശ്ചയ ദാർഢ്യത്തോടുകൂടി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റ് കൊണ്ടുവന്ന ഡിമാന്റിനെ അനുകൂലിക്കുന്നു.

**<u>ശ്രീ. ആർ ബാലകൃഷ്ണപിള്ള</u>** : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സ്വാതന്ത്ര്യം കിട്ടി 55 വർഷം പൂർത്തിയാകാൻ പോകുന്ന ഈ കാലഘട്ടത്തിലും സംസ്ഥാനത്തിന്റെ ഭരണ സംവിധാനങ്ങളിലുള്ള കാര്യക്ഷമത നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എല്ലാ രംഗങ്ങളിലും നടന്നു വരുന്ന പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിപൂർണ്ണമായി നഷ്ടപ്പെട്ടിരിക്കുന്നു. 1956-ൽ നിർമ്മിക്കപ്പെട്ട പല കെട്ടിടങ്ങളും പാലങ്ങളും റോഡുകളും ഇന്നും മനോഹരമായി നിലകൊള്ളുമ്പോൾ അടുത്ത കാലങ്ങളിൽ നിർമ്മിക്കപ്പെട്ട ആശുപത്രിക്കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ തുടങ്ങിയവ ദയനീയമായി തകർന്നുവീഴുന്നു. ക്വാളിറ്റി ഇല്ലാത്ത പ്രവർത്തനങ്ങളിലേക്കും ഭരണ സംവിധാനങ്ങളിലേക്കും പോകുന്നത് ഇത്തരം തകർച്ചകൾക്കും വലിയ സാമ്പത്തിക നഷ്ടങ്ങൾക്കും കാരണമാകുന്നു എന്നുള്ളതുകൊണ്ട്

ഭരണത്തിന് കാര്യക്ഷമത ഉണ്ടാകണം. ഗവൺമെന്റിന്റെ സാമ്പത്തിക നഷ്ടം കുറയ്ക്കാൻ നിലവിലുള്ള ജീവനക്കാരെ പിരിച്ചുവിടാതെ പുനഃക്രമീകരണം നടത്തുകയും ആവശ്യമില്ലാത്ത സെക്ഷനുകൾ നിറുത്തലാക്കുകയും ചെയ്യണം. ജനകീയാസൂത്രണം നടപ്പിലാക്കിയതുകൊണ്ട് പേരന്റ് ഡിപ്പാർട്ടുമെന്റുകളിലും സെക്രട്ടേറിയറ്റിലും സ്റ്റാഫിന് ജോലിയില്ലാതെ അവശേഷിക്കുന്ന അവസ്ഥ ഒഴിവാക്കണം. സർക്കാർ ചെലവു ചുരുക്കൽ നടപടികൾ കൈക്കൊള്ളുമ്പോൾ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന കാര്യത്തിലും ജാഗ്രതപുലർത്തണം. ജനങ്ങൾക്ക് പ്രയോജനപ്രദമല്ലാത്ത പ്രോജക്ടുകളുടെ നിർമ്മാണം അവസാനിപ്പിക്കണം. നിർമ്മാണ രംഗത്ത് ക്വാളിറ്റി കൺട്രോൾ ഏർപ്പെടുത്തണം. ഒരു വർക്ക് ചെയ്താൽ ഒരു നിശ്ചിത കാലഘട്ടം വരെ ആ വർക്കിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട എഞ്ചിനിയർക്കും കോൺട്രാക്ടർക്കും ഉണ്ടായിരിക്കത്തക്ക രീതിയിൽ പി. ഡബ്ല്യു. ഡി. മാനുവലിൽ ഭേദഗതി വരുത്തണം. ബഡ്ജറ്റ് അലോട്ട്മെന്റിന്റെ 90 ശതമാനവും ശമ്പളത്തിനുവേണ്ടി ചെലവഴിക്കുന്ന വകുപ്പുകളെക്കുറിച്ച് ഒരു പുനരവലോകനം നടത്തണം. വിദ്യാഭ്യാസ വകുപ്പിനെപ്പറ്റി പറയുകയാണെങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനിയിലൊക്കെ വിദ്യാലയങ്ങൾ വേണം. കുട്ടികളെ അടുത്തുള്ള സ്ക്കൂളുകളിൽ ചേർക്കുകയും അദ്ധ്യാപകരെ പുനർ വിന്യസിപ്പിക്കുകയും ചെയ്യണം. കുട്ടികൾ തീരെയില്ലാത്ത വിദ്യാലയങ്ങൾ താൽക്കാലികമായി അടച്ചുപൂട്ടണം. വിദ്യാഭ്യാസത്തിനുവേണ്ടി മൂവായിരം കോടി രൂപയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും അഞ്ച് കൊല്ലം കൊണ്ട് അത് രണ്ടായിരം കോടിയാക്കി കുറയ്ക്കാൻ കഴിയണം. സാമ്പത്തികമായി കഴിവുള്ളവരിൽ നിന്നും ഫീസ് പിരിക്കാനുള്ള നടപടി സ്വീകരിക്കണം. ഗ്രാമ പ്രദേശങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ടവർക്ക് സൗജന്യ വിദ്യാഭ്യാസം നൽകണം. എങ്കിൽ മാത്രമേ ഗാന്ധിജി വിഭാവനം ചെയ്ത സൗജന്യ വിദ്യാഭ്യാസം എന്ന ആശയം ഫലവത്താക്കാൻ സാധിക്കുകയുള്ളു. അതിനാവശ്യമായ ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാക്കണം. കേരളത്തിലേക്ക് വ്യവസായികളെ ആകർഷിക്കാൻ സാധിക്കണമെങ്കിൽ കുറഞ്ഞ ചെലവിൽ വിദ്യുച്ഛക്തി ലഭ്യമാക്കണം. അതുകൊണ്ട് ചെലവു കുറഞ്ഞ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാൻ സഹായകമായ രീതിയിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾക്ക് അനുവാദം വാങ്ങിക്കുകയും അറ്റോമിക് പ്ലാന്റിനെക്കുറിച്ച് ആലോചിക്കുകയും ചെയ്യണം. 1977–ന് ശേഷമുള്ള വനം കയ്യേറ്റം ഒരു കാരണവശാലും അംഗീകരിച്ചു കൊടുക്കരുത്. ഉള്ള വനം നശിപ്പിക്കാൻ ആരേയും അനുവദിക്കരുത്. ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നിലപാടിൽ നിന്ന് പുറകോട്ട് പോകരുത്. കേരളത്തിന്റെ സമ്പത്ത് കവർന്നെടുക്കാൻ ആരേയും അനുവദിക്കരുത്.

**<u>ശ്രീ. സി. മമ്മൂട്ടി</u>** : ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടനെ തന്നെ ഗവൺമെന്റിന്റെ സ്ഥിതി എന്താണെന്ന് അറിയിക്കുന്നതിന് ധവളപത്രം ഇറക്കുകയും സാമ്പത്തിക പ്രതിസന്ധിയിൽ കിടക്കുന്ന കേരളത്തെ രക്ഷി ക്കുന്നതിനുവേണ്ടി സമഗ്രമായ ചില പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തു.

കെട്ടിക്കിടന്ന ലക്ഷക്കണക്കിന് ഫയലുകളിന്മേൽ തീർപ്പുകല്പിക്കുന്നതിന് ശക്തമായ നടപടി സ്വീകരിച്ചു. കേരളത്തിലെ മുഴുവൻ ജില്ലകളും കേന്ദ്രീകരിച്ച് സമഗ്രമായ ജനസമ്പർക്ക പരിപാടികൾ ആവിഷ്ക്കരിച്ച് ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടു. ഓരോ മൂന്നുമാസം കൂടുമ്പോഴും കളക്ടറേറ്റുകളിൽ ഇത്തരം അദാലത്തുകൾ സംഘടിപ്പിച്ച് ഇതൊരു തുടർ പരിപാടിയായി ആവിഷ്ക്കരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുളങ്ങളും തോടുകളും കുഴികളുമായി മാറിയ റോഡുകൾ ഇന്ന് മനോഹരമാക്കാൻ സാധിച്ചു. സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും അനുവദിക്കുകയും 50 ശതമാനം സീറ്റ് മെരിറ്റടിസ്ഥാനത്തിൽ സാധാരണക്കാരായ കുട്ടികൾക്ക് മാറ്റിവയ്ക്കുകയും ചെയ്തതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തുള്ള കുട്ടികൾക്ക് സൗജന്യമായി ഇവിടെ ത്തന്നെ പഠനം നടത്താനുള്ള അവസരം സിദ്ധിച്ചു. നിഷ്പക്ഷമായി നീതി നടപ്പാക്കാനുള്ള അധികാരം പോലീസിന് കൈവന്നതോടുകൂടി ക്രമസമാധാന നില മെച്ചപ്പെട്ടു. സർക്കാർ ജീവനക്കാരുടെ സമരം ദിവസങ്ങളോളം നീണ്ടുനിന്നിട്ടും എസ്. എസ്. എൽ. സി. പരീക്ഷ യുടെ ഫലം യഥാസമയം പ്രസിദ്ധീകരിക്കാനും 60% വിജയം കൈവരിക്കാനും കഴിഞ്ഞു. ഇനിയുള്ള കാലയളവിൽ കേരളത്തിന്റെ മൊത്തം സ്ഥിതിഗതികൾ മനസ്സിലാക്കി, ശക്തമായ നടപടികളിൽ കൂടി കേരളത്തെ മുന്നോട്ടു നയിക്കാൻ ഈ ഗവൺമെന്റ് ശ്രമിക്കണം. കഴിഞ്ഞ കാലത്തുണ്ടായിരുന്ന ട്രഷറി പൂട്ടലും നിരോധനവും ഓരോന്നോരോന്നായി ഈ ഗവൺമെന്റ് പിൻവലിച്ചുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് പോലീസിനെ രാഷ്ട്രീയമായും പക്ഷപാതപരമായും ഉപയോഗിക്കുകയും സിവിൽ സർവ്വീ സുകൾ രാഷ്ട്രീയവൽക്കരിക്കുകയും ന്യൂനപക്ഷ- പിന്നോക്ക വിരുദ്ധ സമീപനം കൈക്കൊ ള്ളുകയും ചെയ്തു. ഈ സംസ്ഥാനത്തെ മുന്നോട്ടുനയിക്കുന്നതിനു വേണ്ടി നല്ല നല്ല പദ്ധതികൾ ആവിഷ്ക്കരിക്കണം. സബ്ജക്ട് കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യ ക്ഷമമാക്കണം. ഭരണ പരിഷ്ക്കാര കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സമഗ്രമായി നടപ്പാക്കണം. കഴിഞ്ഞ കാലയളവിലുണ്ടായ തെറ്റുകൾ തിരുത്തുകയും കേരളത്തിലെ മൂന്നുകോടി ജനങ്ങൾക്കും പ്രയോജനപ്രദമായ രീതിയിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യണം.

**<u>ശ്രീ.കെ. നാരായണക്കുറുപ്പ്:</u>** ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഒരു രാജ്യം ഭരിക്കുന്ന ഭരണാധിപൻമാർ ആദ്യമായി ചിന്തിക്കുന്നത് തന്റെ നാടിനെപ്പറ്റിയാണ്. ഇതിനുമുമ്പ് ഈ സംസ്ഥാനം ഭരിച്ചവർക്ക് അവർ അന്ന് ചെലവാക്കിയ പണം നാടിനും നാട്ടുകാർക്കും വേണ്ടിയാണ് ചെലവാക്കിയതെന്ന് സത്യസന്ധമായി പറയാൻ കഴിയുകയില്ല. സാമ്പത്തിക തകർച്ചയിലേക്ക് കൂപ്പുകുത്തി വീണ ഈ കൊച്ചു സംസ്ഥാനത്തെ എങ്ങനെ പിടിച്ചുയർത്താമെന്നാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആദ്യമായിട്ട് ചിന്തിച്ചത്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അത് ഏറെക്കുറെ ഫലപ്രാപ്തിയിലെത്തിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. എങ്ങനെയെങ്കിലും സമാധാനപരമായ ഒരന്തരീക്ഷം ഉണ്ടാക്കണമെന്നാണ് മുഖ്യമന്ത്രി ആഗ്രഹിച്ചത്. അതിൽ ഏറെക്കുറെ അദ്ദേഹം വിജയിച്ചു എന്നല്ലാതെ പരിപൂർണ്ണമായി വിജയിച്ചുവെന്ന് പറയാൻ പറ്റുകയില്ല. അത്രമാത്രം തകർച്ചയിലേയ്ക്ക് നാമും നമ്മുടെ സമൂഹവും എത്തിനില്ക്കുന്നു എന്നതാണ് വസ്തുത.

ഉദ്യോഗസ്ഥന്മാർ അവരിൽ അർപ്പിതമായിരിക്കുന്ന കടമ കൃത്യമായി പാലിച്ചാൽ മാത്രമേ സംസ്ഥാനത്ത് പുരോഗതി ഉണ്ടാകുകയുള്ളൂ. അതിന് തയ്യാറാകാതെ സമരമാർഗ്ഗത്തിലേക്ക് തിരിയുന്നത് ആശാസ്യമല്ല. ഈ സംസ്ഥാനത്തിന്റെ പുരോഗിക്കുവേണ്ടി ചെയ്യാമായിരുന്ന പല കാര്യങ്ങളും നാം ചെയ്തിട്ടില്ല. കഴിഞ്ഞ കാലങ്ങളിൽ കോടിക്കണക്കിന് രൂപയാണ് ആവശ്യമില്ലാതെ ചെലവഴിച്ചത്. ഇക്കാര്യത്തിൽ പരസ്പരം പഴിചാരിയതുകൊണ്ട് സംസ്ഥാനം രക്ഷപ്പെടുകയില്ല. ഒരു വർഷം കൊണ്ടു വലിയ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിലും നാശത്തിന്റെ അഗാധഗർത്തത്തിൽ നിന്ന് ഈ സംസ്ഥാനത്തെ പുരോഗതിയിലേക്ക് മെല്ലെ കൈ പിടിച്ചുയർത്താൻ ഈ ഗവൺമെന്റിന് ഇതിനകം കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പൂർണ്ണ തോതിൽ പുരോഗതിയിലെത്തിക്കുന്നതിന് മതിയായ സാവകാശം ഗവൺമെന്റിന് കൊടുക്കണം

**<u>ശ്രീ. മഞ്ഞളാംകുഴി അലി</u>**: ധനാഭ്യർത്ഥനയെ എതിർക്കുന്നു. 15 ലക്ഷം പേർക്ക് തൊഴിൽ, ഇൻഫ്രാസ്ട്രക്ച്ചർ വികസനം, ന്യൂനപക്ഷങ്ങൾക്ക് മുന്തിയ പരിഗണന തുടങ്ങി ഒട്ടേറെ വാഗ്ദാനങ്ങളുമായി അധികാരത്തിൽ വന്ന ഗവൺമെന്റിന് ഭരണരംഗത്ത് കാര്യമായ ഒരു ചലനവുമുണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റിനെ അധികാരത്തിലേറ്റിയ ജനങ്ങൾ നിരാശരാണ്. മുൻ ഗവൺമെന്റിന്റെ ഭരണനേട്ടങ്ങൾ മുഴുവൻ അവസാനത്തെ 6 മാസം കൊണ്ട് കളഞ്ഞുകുളിക്കുന്നതിന് മുഖ്യപങ്ക് വഹിച്ച ഉദ്യോഗസ്ഥലോബി അവരുടെ സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി ഇപ്പോഴും ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനാൽ മന്ത്രിമാർ നോക്കുകുത്തികളായി മാറിനിൽക്കേണ്ട അവസ്ഥയാണ് സംജാതമായിരിക്കുന്നത്. ജാതിമതശക്തികളുടെ മുന്നിൽ ജനനേതാക്കൾ ഏത്തമിടുന്നു. ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസാവകാശങ്ങൾ, പ്രാതിനിധ്യാവകാശം തുടങ്ങിയ ആനുകൂല്യങ്ങൾ ഓരോന്നായി എടുത്തുകളയുന്നു. സർക്കാർ സ്ഥാപനങ്ങൾ ഓരോന്നായി പൂട്ടുന്നു. എ.ഡി.ബി.യുടെ ഉപദേശപ്രകാരമാണ് ആസൂത്രണബോർഡ് പ്രവർത്തിക്കുന്നത്. ഭരണത്തിന്റെ ചുക്കാൻ മാഫിയാസംഘങ്ങളുടെ പിടിയിലമർന്നിരിക്കുന്ന ഒരവസ്ഥ സംസ്ഥാനത്ത് സംജാത മായിട്ടും മന്ത്രിമാർ നിഷ്ക്രിയരായി നോക്കിനിൽക്കുകയാണ്.

**<u>ശ്രീ. ബി. വിജയകുമാർ</u>**: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളപ്പിറവിക്കുശേഷം ഇന്നുവരെ ഒരു ഗവൺമെന്റിനും നേരിടേണ്ടിവന്നിട്ടില്ലാത്തത്ര അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ അതിജീവിച്ചു മുന്നോട്ടുപോകുവാനുള്ള പരിശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. മുൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പിടിപ്പുകേട് കൊണ്ടാണ് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി ഇത്രയും മോശമായത്. ഇത്രയും ഗുരുതരമായ ഒരു സാഹചര്യം തരണം ചെയ്യാൻ മറ്റ് മാർഗ്ഗങ്ങളൊളൊന്നുമില്ലാതെ വന്നതുകൊണ്ടാണ് സർക്കാർ ജീവനക്കാരുടെ ചില ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചത്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന് അനിവാര്യമായ ചില നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമ്പോൾ പ്രതിപക്ഷം അതിനെതിരെ രാഷ്ട്രീയപ്രേരിതമായി സമരമാർഗ്ഗങ്ങൾ

സ്വീകരിക്കുന്നത് സംസ്ഥാനതാൽപ്പര്യങ്ങൾക്ക് അനുഗുണമല്ല. സർക്കാരിനെതിരായി ആര് സമരം നടത്തിയാലും പിന്തുണ നൽകുമെന്നതാണ് ഇപ്പോൾ ഇടതുപക്ഷജനാധിപത്യ മുന്നണി സ്വീകരിച്ചിരിക്കുന്ന നയം. സമരം ചെയ്തതിന്റെ പേരിൽ ജയിലിൽ കിടന്ന ഒരു പ്രതിപക്ഷകക്ഷി നേതാവിനെതിരെ നിയമസഭയിൽ പ്രതിഷേധിക്കാൻ ആരുമുണ്ടായില്ല. ജനപ്രതിനിധികളെ പുച്ഛത്തോടെ കാണുന്ന ഉദ്യോഗസ്ഥർക്കെതിരെയും ഹൈക്കോടതിയിൽ കേസ് നടത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടികൾ സ്വീകരിക്കണം. വിജിലൻസ് ഡിപ്പാർട്ടുമെന്റിലെ കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ച് അഴിമതി അന്വേഷണങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

**<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ:</u>** ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനഫലമായി കഴിഞ്ഞ ഗവൺമെന്റിന്റെ സാമ്പത്തിക കെടുകാര്യസ്ഥതയെ അതിജീവിക്കുന്നതിനു സാധിച്ചിട്ടുണ്ട്. പത്താം പദ്ധതിയുമായി ബന്ധപ്പെടുത്തി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചതും പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കുള്ള വിഹിതം വർദ്ധിപ്പിച്ചതും നഗരവികസനത്തിന് പ്രത്യേക പരിഗണന നൽകി നടപ്പിലാക്കിയതും ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. വ്യാജ മദ്യ വില്പന തടയുന്നതിന് ഹോളോഗ്രാം സ്റ്റിക്കർ പതിക്കാൻ തീരുമാനിച്ചതും അതിന് ഇന്ത്യയിൽ ആദ്യമായി സ്റ്റുഡിയോ ആരംഭിച്ചതും നിരവധി പദ്ധതി പ്രവർത്തനങ്ങളിലൂടെ ടൂറിസം ഡിപ്പാർട്ടുമെന്റ് നിരവധി ബഹുമതികൾ കരസ്ഥ മാക്കിയതും വാസ്തുവിദ്യയിൽ അംഗീകൃത കോഴ്സുകൾ തുടങ്ങാൻ തീരുമാനിച്ചതും റേഷൻ സാധനങ്ങൾ മറിച്ച് വിൽക്കാതിരിക്കാൻ സ്മാർട്ട് കാർഡ് സമ്പ്രദായം ഏർപ്പെടുത്തിയതും ജലധാരാ പദ്ധതി പുനരാരംഭിച്ചതും വിദ്യാഭ്യാസ രംഗത്ത് സമൂലമായ പരിഷ്കാരങ്ങൾ കൊണ്ടുവന്നതും ഈ ഗവൺമെന്റിന്റെ കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ എടുത്തുപറയേണ്ടവയാണ്. കിൻഫ്രാ യൂണിറ്റുകൾ കാര്യക്ഷമ മാക്കിയതും പോലീസ്സേനയെ നവീകരിക്കുന്നതിന് 63 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചതും ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. ഇലക്ട്രിസിറ്റി റേറ്റ് റിവിഷൻ ഇല്ലാതാക്കിയതും വിദഗ്ദ്ധ സമിതികളെ പിരിച്ചുവിട്ടുകൊണ്ട് ജനകീയാസൂത്രണ പ്രവർത്തനങ്ങളെ സുതാര്യമാക്കിയതും ഓംബുഡ്സ്മാൻ അംഗങ്ങളുടെ എണ്ണം ചുരുക്കിയതും സഹകരണ രംഗത്തെ അഴിമതി അവസാനിപ്പിച്ചതും കൊലപാതക രാഷ്ട്രീയം ഇല്ലാതാക്കി ക്രമസമാധാന നില ഭദ്രമാക്കിയതും ആദിവാസികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കിയതും ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. 72 കുടിവെള്ള പദ്ധതികളും 41 ജലസേചന പദ്ധതികളും പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്ത 20212 പേരിൽ 18000 പേരേയും നിയമിച്ചുകഴിഞ്ഞു. 1997–ൽ കൂടിയ ഗവൺമെന്റ് ചീഫ് വിപ്പുമാരുടെ കോൺഫറൻസിൽ എടുത്ത തീരുമാനമനുസരിച്ചാണ് കേരളത്തിൽ

പാർലമെന്ററികാര്യ വകുപ്പ് രൂപീകരിച്ചത്. കഴിഞ്ഞ ഒരു വർഷക്കാലം അഭിമാനകരമായ രീതിയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞു.

**<u>ശ്രീ. എൻ. ഡി. അപ്പച്ചൻ</u>**: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. യാഥാർത്ഥ്യ ബോധത്തോടും ലക്ഷ്യബോധത്തോടും കൂടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണിത്. കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് പൊതുമുതൽ കൊള്ളയടിച്ച് സാധാരണ ജനങ്ങളെ ദുരിതത്തിലേക്ക് തള്ളിവിടുന്ന കുത്തക മുതലാളിമാരേയും മദ്യ രാജാക്കന്മാരേയും വഴിവിട്ട് സഹായിക്കുകയും ചെയ്തു. രാഷ്ട്രീയ കൊലപാതകങ്ങളും അക്രമങ്ങളും അവസാനിപ്പിച്ച് സമാധാനം പുനഃസ്ഥാപിക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞു. സംസ്ഥാനത്തെ കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിന് ഈ ഗവൺമെന്റ് പരമാവധി ഊന്നൽ കൊടുത്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മേൽ പഴിചാരി കാർഷിക മേഖലയുടെ നട്ടെല്ലൊടിക്കുന്ന നയസമീപനങ്ങളാണ് എൽ. ഡി. എഫ്. സർക്കാർ സ്വീകരിച്ചിരുന്നത്. കാർഷിക പരമ്പരാഗത വ്യവസായ മേഖലകളെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിനുള്ള ഈ ഗവൺമെന്റിന്റെ ശ്രമങ്ങൾ സ്വാഗതാർഹമാണ്. ആദിവാസികൾ ഉൾപ്പെടെയുള്ള കേരളത്തിലെ പാവപ്പെട്ട ജന വിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ഈ ഗവൺമെന്റ് മുന്നോട്ടു വന്നു. രാഷ്ട്രീയ ദുഷ്ടലാക്കോടുകൂടി ആദിവാസികളെ വഞ്ചിച്ചുകൊണ്ടിരിക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശൈലി അവസാനിപ്പിക്കണം. സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി വായ്പ എടുക്കുന്ന ഗവൺമെന്റിന്റെ നടപടിയെ പ്രതിപക്ഷം വിമർശിക്കുന്നത് ശരിയല്ല. ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ പ്രതിപക്ഷം പിന്തുണയ്ക്കണം.

**<u>ഡോ. കെ. സി. ജോസഫ്</u>** : ധനാഭ്യർത്ഥനയെ എതിർക്കുന്നു. സംസ്ഥാനത്തിന് കേന്ദ്ര പദ്ധതി വിഹിതം കൂടുതൽ അനുവദിച്ചു കിട്ടിയതിൽ ഊറ്റം കൊണ്ടിട്ട് കാര്യമില്ല. അനുവദിച്ചു കിട്ടിയ പണത്തിൽ എത്രത്തോളം ഉപയോഗിക്കുന്നു എന്നുള്ളതാണ് പ്രധാനം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ 42 ശതമാനം വെട്ടിക്കുറവാണ് ഈ ഗവൺമെന്റ് വരുത്തിയത്. യാഥാർത്ഥ്യബോധത്തോടുകൂടി പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റിന് കഴിയണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വികസന മേഖലകൾ പൂർണ്ണമായും സ്തംഭിക്കുകയും സമസ്ത മേഖലകളിലും അസംതൃപ്തി നടമാടുകയും ചെയ്തിരിക്കുകയാണ്. നയപ്രഖ്യാപനത്തിലും ബഡ്ജറ്റിലും പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഈ ഗവൺമെന്റ് പ്രാവർത്തികമാക്കുന്നില്ല. പൊതുമരാമത്ത്, ജലസേചനം, വെള്ളപ്പൊക്ക ദുരിതാശ്വാസം, ക്ഷേമ പെൻഷനുകൾ തുടങ്ങിയ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പിലാക്കുന്നില്ല. തൊഴിലില്ലായ്മ രൂക്ഷമായ കേരള സംസ്ഥാനത്ത് പി. എസ്. സി. അഡ്വൈസ് ചെയ്തവരെ നിയമിക്കാതിരിക്കുന്നതും ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്നതും ഖേദകരമാണ്. ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ അടിയന്തിരമായി നികത്തണം.

സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സാധാരണ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല.

## <u>അറിയിപ്പ്</u>

### <u>പവർകട്ട് ഒഴിവാക്കണമെന്ന ആവശ്യം</u>

<u>മി.സ്പീക്കർ</u>: ലോകത്തെ മുഴുവൻ കായിക പ്രേമികളുടെയും ആവേശമായി മാറിയിരിക്കുന്ന ലോക കപ്പ് ഫുട്ബോൾ ടൂർണമെന്റിന്റെ സെമി ഫൈനൽ മത്സരം നടക്കുന്ന ജൂൺ 25, 26, 30 എന്നീ തീയതികളിൽ വൈകുന്നേരം 5.00 മണി മുതൽ 7.30 വരെ സംസ്ഥാനത്ത് ഏർപ്പെടുത്തിയിരിക്കുന്ന പവർകട്ട് ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സർവ്വശ്രീ
ടി. എൻ. പ്രതാപൻ, കെ.സി.വേണുഗോപാൽ, എ.പി. അനിൽകുമാർ എന്നീ യുവ എം.എൽ.എ.മാർ എഴുതിത്തന്നിട്ടുണ്ട്. അത് കൺസിഡർ ചെയ്യണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി <u>(ശ്രീ. കടവൂർ ശിവദാസൻ)</u>: ബോർഡിന് ചില പ്രയാസങ്ങൾ ഉണ്ടെങ്കിലും അംഗങ്ങളുടെ വികാരം കണക്കിലെടുത്ത് ആ സമയത്തുള്ള പവർകട്ട് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കാം. ജനങ്ങളും കൂടി അതിന് സഹകരിക്കണം.

## <u>ധനാഭ്യർത്ഥന ചർച്ച</u> (തുടർച്ച)

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചു വ്ർഷക്കാലത്തെ എൽ.ഡി.എഫ്. ഭരണത്തിന്റെ ഫലമായി തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന സംസ്ഥാനത്തെ മോചിപ്പിക്കാൻ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് പുതിയ തുടക്കം കുറിച്ചിരിക്കുകയാണ്. യാഥാർത്ഥ്യങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തി അവയ്ക്ക്
പരിഹാരം കാണാനുള്ള നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കി വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, ടൂറിസം, കൃഷി തുടങ്ങിയ എല്ലാ മേഖലകളിലും വമ്പിച്ച പുരോഗതിക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ 275 കോടി രൂപയുടെ പദ്ധതി വിഹിതം കൂടുതലായി നേടിയെടുക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. സംസ്ഥാന ഗവൺമെന്റിന്റെ നിഷ്പക്ഷവും നീതിപൂർവവുമായ പോലീസ് നയം എല്ലാപേരും അംഗീകരിക്കുന്നുണ്ട്. സംസ്ഥാനത്ത് നടക്കുന്ന കൊലപാതകങ്ങളിലും അക്രമപ്രവർത്തനങ്ങളിലും കുറവു വന്നിട്ടുണ്ട്. വ്യവസായം-ഐ.ടി. തുടങ്ങിയ മേഖലകളിൽ വമ്പിച്ച നേട്ടം കൈവരിക്കാനും വിദേശനിക്ഷേപകരെ കേരളത്തിലേയ്ക്ക് ആകർഷിക്കാനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും ഈ ഗവൺമെന്റിനു കഴിഞ്ഞു. പിന്നോക്ക പ്രദേശങ്ങളിൽ പുതിയ കോളേജുകളും സ്കൂളുകളും തുടങ്ങാനും വിദേശ

സഹായത്തോടുകൂടി റോഡുകളും മറ്റും നിർമ്മിക്കാനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കർഷകർക്കുവേണ്ടി 210 കോടി രൂപയുടെ പാക്കേജ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കാർഷിക കടാശ്വാസ നിയമം പാസ്സാക്കിയെങ്കിലും അതിന്റെ കാലാവധി രണ്ടു വർഷത്തേയ്ക്കുകൂടി നീട്ടാനുള്ള നടപടി സ്വീകരിക്കണം. കാസർഗോഡ് ജില്ലയിൽ തെങ്ങു കൃഷിക്കാർക്കുവേണ്ടി അനുവദിച്ച 10 കോടി രൂപയുടെ സബ്സിഡി യഥാർത്ഥ കൃഷിക്കാർക്ക് ലഭ്യമാക്കണം. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ തടയാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. കാസർഗോഡ് ജില്ലയിൽ ഉപയോഗിച്ചിരുന്ന എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ നിരോധനം നീക്കിയത് ജനങ്ങളിൽ വീണ്ടും ഭീതിയും ആശങ്കയും ഉളവാക്കിയിരിക്കുകയാണ്. ഒഴിവുകൾ യഥാസമയം നികത്താനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വെളിച്ചം കാണാതെ കിടന്ന നിരവധി ഫയലുകളിൻമേൽ ജനസമ്പർക്ക പരിപാടിയിലൂടെ തീർപ്പു കൽപ്പിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്.

<u>ഡോ. എ. നീലലോഹിതദാസൻ നാടാർ:</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലത്തെ ഭരണത്തിനിടയിൽ യു.ഡി.എഫ്-ന്റെ പ്രകടന പത്രികയിൽ പറഞ്ഞിരുന്ന ഒരു കാര്യത്തിനുപോലും തുടക്കം കുറിച്ചിട്ടില്ല. ഈ വർഷത്തെ പദ്ധതിയും കടലാസ് പദ്ധതിയായി മാറാൻ പോകുകയാണ്. ടൂറിസവും വിവരസാങ്കേതിക വിദ്യയുംകൊണ്ട് കേരളത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് ഒരു സർക്കാർ പരിപാടിയായി മാറാൻ പോകുകയാണ്. ലക്ഷ്യബോധമില്ലാത്ത, ഇച്ഛാശക്തിയില്ലാത്ത ഒരു ഗവൺ മെന്റാണിത്.

<u>**ശ്രീ.എ.എ. അസീസ്:**</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഒരു വർഷക്കാലത്തെ ഭരണത്തിനിടയിൽ ജനങ്ങൾക്കുവേണ്ടി യാതൊന്നും ചെയ്യാൻ കഴിയാത്ത ഒരു ഗവൺമെന്റാണിത്. തെരഞ്ഞെടുപ്പുകാലത്ത് നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കിയില്ലെന്നു മാത്രമല്ല ഉള്ള തൊഴിൽപോലും നഷ്ടപ്പെടുത്തി വ്യാവസായിക മേഖലയെ ശവപ്പറമ്പാക്കി മാറ്റിയിരിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ഈ ഗവൺമെന്റ് അട്ടിമറിച്ചിരിക്കുന്നു. വിദ്യാഭ്യാസ മേഖലയെ വ്യവസായവത്കരിച്ച് വിദ്യാഭ്യാസം ഒരു കച്ചവടമാക്കി മാറ്റിയിരിക്കുന്നു. ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ട ഒരു ഗവൺമെന്റാണിത്.

<u>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ മുന്നോട്ടു നയിക്കാനുള്ള ക്രിയാത്മകമായ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. 20 ശതമാനം കാര്യങ്ങൾ ചെയ്യാനുള്ള അവസരം മാത്രമേ ഈ ഗവൺമെന്റിനു ലഭിച്ചിട്ടുള്ളൂവെങ്കിലും പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. വികസന രംഗത്ത് ആന്ധ്രാപ്രദേശ്, കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളേക്കാൾ കേരളം മുൻപന്തിയിൽ എത്തണമെന്നുള്ള രീതിയിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. എ.ഡി.ബി.യിൽനിന്ന് ലോണെടുക്കുന്നതിനെക്കുറിച്ച് വളരെയധികം വിമർശനങ്ങളുണ്ടായി.

സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിനുണ്ടായ നഷ്ടം നികത്തുന്നതിനായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്നും സഹായം ലഭ്യമാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതിനെ വിമർശിക്കുന്നത് ശരിയല്ല. ഭരണത്തിലിരുന്നപ്പോൾ ആദിവാസികളുടെ ഉന്നമനത്തിനായി യാതൊന്നും ചെയ്യാത്ത ഇടതുപക്ഷജനാധിപത്യമുന്നണി ഇപ്പോൾ ആദിവാസി സമരം ഒത്തുതീർപ്പാക്കണമെന്ന് ആവശ്യപ്പെടുന്നതിൽ അർത്ഥമില്ല. മതികെട്ടാൻ പ്രശ്നത്തിൽ എൽ.ഡി.എഫ്-ന്റെ നിലപാട് വ്യക്തമാക്കണം. ലോക പ്രശസ്ത ശാസ്ത്രജ്ഞനായ ഡോ. എ.പി.ജെ. അബ്ദുൾ കലാമിനെ ഇൻഡ്യൻ പ്രസിഡന്റ് സ്ഥാനാർത്ഥിയാക്കിയതിനെ ഭരണ പാരമ്പര്യമില്ലെന്നതിന്റെ പേരിൽ എതിർക്കുന്ന മാർക്സിസ്റ്റുപാർട്ടിയുടെ സെക്കുലറിസം ബോഗസ്സാണ്. ഇൻഡ്യയിൽ ഈ പ്രത്യേക സാഹചര്യത്തിൽ ഡോ.അബ്ദുൾ കലാമിനെപ്പോലുള്ളവർ പ്രസിഡന്റാകുന്നതിനോട് പ്രതിപക്ഷം യോജിക്കണം. കൂടെ നിൽക്കുന്നവർക്കുപോലും വിശ്വസിച്ചു നിൽക്കാൻ കഴിയാത്ത പാർട്ടിയായി മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി മാറിയിരിക്കുന്നു. സംസ്ഥാന കമ്മിറ്റിയിലോ, കേന്ദ്ര കമ്മിറ്റിയിലോ, പോളിറ്റ് ബ്യൂറോയിലോ ന്യൂനപക്ഷത്തിന് അർഹമായ പങ്കാളിത്തം മാർക്സിസ്റ്റുപാർട്ടി നൽകിയിട്ടില്ല. കേരളത്തിന്റെ പുരോഗതിക്കുവേണ്ടി ഈ ഗവൺമെന്റ് ചെയ്യുന്ന നടപടികളെ പ്രതിപക്ഷം അനുകൂലിക്കണം.

പ്രതിപക്ഷനേതാവ് (**<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u>**): ധനാഭ്യർത്ഥനയെ ശക്തിയായി എതിർക്കുന്നു. ജില്ലാ ജഡ്ജിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ചുകൊണ്ട് നികുതി കുടിശ്ശിക നിരുപാധികം പിരിച്ചെടുക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം ഗവൺമെന്റ് പാലിച്ചിട്ടില്ല. 2002 മാർച്ച് വരെ 1748 കോടി രൂപ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. ഇതിനുപുറമെ വിൽപന നികുതിയായി 1117 കോടി രൂപയും റവന്യു കുടിശ്ശികയായി 1518 കോടിരൂപയും പിരിച്ചെടുക്കാൻ ഉണ്ട്. റവന്യു കുടിശ്ശികയിൽ 1218 കോടി രൂപയ്ക്ക് സർക്കാർതന്നെ സ്റ്റേ നൽകിയിരിക്കുന്നു. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഇവിടെനിന്ന് ശേഖരിക്കാവുന്ന നികുതി പിരിച്ചെടുക്കുന്നതിൽ പരാജയപ്പെട്ട ഗവൺമെന്റ് എ.ഡി.ബി വായ്പയ്ക്കുവേണ്ടി പോകുന്ന നയം സംസ്ഥാനത്തിന് ഗുണകരമല്ല. ബിവറേജസ് കോർപ്പറേഷൻ സ്റ്റാളുകളിൽനിന്നും ലഭിക്കേണ്ട തുകയായ 1600 കോടി രൂപയിൽ 'സെക്കന്റ്സും ' ' തേഡ്സും ' വിൽക്കാനുള്ള സൗകര്യം മദ്യരാജാക്കൻമാർക്ക് നൽകിയതുമൂലം 300 കോടി രൂപയുടെ കുറവ് വന്നിരിക്കുന്നു. കാർഷികോൽപന്നങ്ങൾക്ക് വില വർദ്ധിപ്പിക്കുമെന്ന് പറഞ്ഞ് അധികാരത്തിലേറിയവർ വില വർദ്ധിപ്പിച്ചില്ലെന്നു മാത്രമല്ല അവരെ കൊടുംപട്ടിണിയിലാക്കിയിരിക്കുകയുമാണ്. കർഷകരെ രക്ഷിക്കാനെന്ന പേരിൽ ജീവനക്കാരിൽനിന്നും പിടിച്ചെടുത്ത തുക കർഷകർക്ക് ഗവൺമെന്റ് നൽകിയിട്ടില്ല. പരംപരാഗത വ്യവസായമേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. സമരം ചെയ്ത സർക്കാർ ജീവനക്കാരെ തരംതാഴ്ത്തിയ നടപടി ഹീനമാണ്. പ്രതികാരബുദ്ധി കൊണ്ടാണ് നിയമന നിരോധനം ഏർപ്പെടുത്തിയത്. കൃഷിക്കാരെ സഹായിക്കണ

മെന്നാവശ്യപ്പെട്ട് കക്ഷിഭേദമില്ലാതെ എല്ലാ വിഭാഗം ജനങ്ങളും പണിമുടക്ക് നടത്തിയതിന്റെപേരിൽ പ്രതികാരനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഹരിജനങ്ങളും ഗിരിജനങ്ങളുമായ പാവപ്പെട്ടവരെ പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോകാൻ ഇടയായാൽ അവരുടെ ശവം തിരികെ കിട്ടുന്ന അവസ്ഥയാണുള്ളത് . ഈ സർക്കാരിന്റെ മദ്യനയത്തിന്റെ ഫലമായി ആ മേഖലയിലെ മുക്കാൽ ലക്ഷത്തോളം തൊഴിലാളികൾ തൊഴിൽരഹിതരായി. ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളികൾ തൊഴിലിനുവേണ്ടി സമരം ചെയ്തപ്പോൾ അവരെ അറസ്റ്റ് ചെയ്ത് ലോക്കപ്പിലിട്ട് കഠിനമായി മർദ്ദിക്കുകയാണ് ചെയ്തത്. തൊഴിലാളികളോടുള്ള ഇന്നത്തെ സമീപനം സർക്കാർ അവസാനിപ്പിക്കണം. വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കുന്നതും സംസ്ഥാനത്തെ ആറു ലക്ഷത്തോളം വിദ്യാർത്ഥികളേയും പതിനായിരത്തോളം അദ്ധ്യാപകരേയും തെരുവിലിറക്കാൻ ഇടയാക്കുന്നതുമായ വിദ്യാഭ്യാസനയം തിരുത്തണം . പ്രാഥമിക വിദ്യാഭ്യാസം മുതൽ പ്ളസ് ടൂ വരെ സാർവ്വ ത്രികവും സൗജന്യവുമായ വിദ്യാഭ്യാസത്തിന് അവസരം നൽകിയിട്ടുള്ള സംസ്ഥാനത്ത് സർക്കാർ, എയിഡഡ് സ്കൂളുകൾക്ക് ചുറ്റും അൺ ഇക്കണോമിക്കായ സ്കൂളുകൾ വളരാൻ ഇടയായതാണ് ഇന്നത്തെ വിദ്യാഭ്യാസ രംഗത്തുള്ള പ്രതിസന്ധിക്ക് കാരണം. സംസ്ഥാനത്തിന്റെ വികസനത്തിനാവശ്യമായ പണം കടം വാങ്ങുന്നതിന് ആരും എതിരല്ല . നമ്മുടെ ധനകാര്യസ്ഥാപനങ്ങളായ കെ. എസ്.എഫ്. ഇ.യും സഹകരണബാങ്കുകളും പണം സമാഹരിച്ച് എ.ഡി.ബിക്കാർ നല്കുന്നതിനേക്കാൾ കുറഞ്ഞ പലിശക്ക് കടം തരുമല്ലോ. 7500 കോടി രൂപ മൂന്നു മാസത്തിനുള്ളിൽ സംസ്ഥാനത്തെ ഈ ധനകാര്യസ്ഥാപനങ്ങൾ വഴി സമാഹരിക്കാൻ കഴിയും. ജനാധിപത്യസംവിധാനങ്ങൾ ഇല്ലാതാക്കി കരിനിയമങ്ങൾ പാസ്സാക്കി നിലവിലുള്ള ഭരണ സംവിധാനം ആകെ മാറ്റി മറിച്ചുകൊണ്ട് എ.ഡി.ബി.യുടെ പുറകെ പോകുന്ന സർക്കാർ നയത്തെ ജനങ്ങൾ ശക്തമായി എതിർക്കുകതന്നെ ചെയ്യും. സംസ്ഥാനത്തിന്റെ വിലമതിക്കപ്പെടാനാകാത്ത സ്വത്തായ നിബിഡവനങ്ങളും ചോലവനങ്ങളും സംരക്ഷിക്കുന്ന കാര്യത്തിൽ ഈ സർക്കാർ തുടർന്നുവരുന്ന നയം അംഗീകരിക്കാൻ കഴിയുന്നതല്ല . മതികെട്ടാനിൽ ആയിരക്കണക്കിന് ഏക്കർ വനഭൂമി കയ്യേറി കിലോമീറ്ററുകളോളം ദൂരത്തിൽ റോഡ് നിർമ്മിക്കുകയും കോൺക്രീറ്റ് കെട്ടിടങ്ങൾ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു . അതുപോലെ പൂയംകുട്ടിയിലും ധാരാളം വനഭൂമി കയ്യേറിയിട്ടുണ്ട് . മലകളിലും കാടുകളിലും ലഭിക്കുന്ന മഴവെള്ളമാണ് അരുവികളിലൂടെയും നദികളിലൂടെയും ഒഴുകി കൃഷിക്കും കുടിവെള്ളത്തിനും പ്രയോജനപ്പെടുന്നത്. നിബിഡവനങ്ങളാണ് ചൂട് കാറ്റിനെ തടഞ്ഞ് നല്ല കാലാവസ്ഥ പ്രദാനം ചെയ്യുന്നത് . ഇങ്ങനെ നാനാവിധത്തിൽ സംസ്ഥാനത്തിന്റെ പുരോഗതിക്ക് പ്രയോജനപ്രദമായ വനങ്ങളെ, വൻ തുകകൾ കൈക്കലാക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ട് നശിപ്പിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കണം. വനം കൈയേറ്റക്കാരിൽനിന്നും നമ്മുടെ അവശേഷിക്കുന്ന വനമെങ്കിലും രക്ഷിക്കാനുള്ള ധീരമായ നടപടി സ്വീകരിക്കണം. അക്കാര്യത്തിൽ തീർച്ചയായും പ്രതിപക്ഷത്തിന്റെ സഹകരണമുണ്ടാകും.

മുഖ്യമന്ത്രി **(ശ്രീ. എ. കെ. ആന്റണി)**: 2001 ജൂൺ മാസത്തിലാണ് ഇതുപോലെ പൊതുഭരണത്തിനുള്ള ധനാഭ്യർത്ഥനയുമായി ഈ നിയമസഭയെ സമീപിച്ചത്. അന്നത്തെ ചർച്ച സംഘർഷപൂരിതമായിരുന്നു. ഇന്ന് ഗുണപരമായ മാറ്റമാണ് പ്രതിപക്ഷത്തുനിന്നും കണ്ടത്. അഗ്രിക്കൾച്ചറൽ പാക്കേജും കാർഷിക കടാശ്വാസനിയമവുംമൂലം കാർഷികമേഖലയിൽ വളരെയേറെ മാറ്റങ്ങളുണ്ടാക്കാനും കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കാനും ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. വ്യാവസായികമേഖലയിലും ചലനമുണ്ടാക്കി. കയർ ഫാക്ടറികൾ ഒരെണ്ണംപോലും അടഞ്ഞുകിടക്കുന്നില്ല. ഇടതു പക്ഷജനാധിപത്യമുന്നണിയുടെ 5 വർഷക്കാലത്തെ ഭരണംകൊണ്ട് ഭരണച്ചെലവ് ഇരട്ടിയാക്കി, പലിശ മൂന്നിരട്ടിയാക്കി, ശംപളം കൊടുക്കാൻവരെ പണം കടമെടുക്കേണ്ട അവസ്ഥ യാണുണ്ടായിരുന്നത്. ഈ ഗവൺമെന്റിന് വാർഷിക പ്ളാൻ 4025 കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഏറ്റവും വലിയ നേട്ടമുണ്ടാക്കാൻ കഴിഞ്ഞത് വിദ്യാഭ്യാസ മേഖലയിലാണ്. പ്രതിവർഷം കേരളത്തിൽനിന്നും കോടിക്കണക്കിന് രൂപ ഉന്നത വിദ്യാഭ്യാസത്തിന് അയൽ സംസ്ഥാനങ്ങളിൽ കോഴ കൊടുത്തുകൊണ്ടിരുന്ന സ്ഥിതി മാറി. പുതുതായി എഞ്ചിനീയറിംഗിന് 4860 സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസമേഖലയിൽവന്ന മാറ്റത്തിന്റെ ഫലമായി കേരളത്തിൽനിന്നും ഒരു കുട്ടിക്കും പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് പുറത്തുപോകേണ്ട സ്ഥിതി വരുന്നില്ല. വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റി കൂട്ടാൻ ശ്രമിക്കുകയാണ്. അഞ്ചുവർഷംകൊണ്ട് ഇൻഡ്യയിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ ഡെസ്റ്റിനേഷൻ പോയിന്റായി കേരളത്തെ മാറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വ്യാവസായികമേഖലയിൽ ഐ. ടി. രംഗത്ത് കുതിച്ചുകയറ്റത്തിന് തയ്യാറെടുക്കുകയാണ്. ടൂറിസം രംഗത്തും ഇൻഡ്യയിലെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനായിട്ട് കേരളം മാറിയിരിക്കുകയാണ്. ഹെൽത്ത് ടൂറിസം ലോകത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിയിരിക്കുകയാണ്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയേറ്റ്, കളക്ടറേറ്റ് തുടങ്ങി ജനങ്ങളുമായി ദൈനംദിന ബന്ധമുള്ള ഡിപ്പാർട്ടുമെന്റുകൾ ഒരു വർഷത്തിനകം കംപ്യൂട്ടർവൽക്കരിക്കാൻ പോകുകയാണ്. വില്ലേജ്-താലൂക്കാഫീസുകളിൽനിന്ന് ജനങ്ങൾക്കാവശ്യമായ സർട്ടിഫിക്കറ്റുകൾ പത്തു ദിവസത്തിനകം കൊടുക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. കെട്ടി ക്കിടന്ന 40 ശതമാനത്തോളം ഫയലുകളിൽ തീർപ്പ് കൽപ്പിക്കാൻ കഴിഞ്ഞു. ഹാർഡ് ബാർഗെയിനിംഗിലൂടെ എ. ഡി. ബി. യുടെ ലോൺ വാങ്ങിക്കാൻ തന്നെയാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. . മതികെട്ടാനിലെ കയ്യേറ്റത്തെ സംബന്ധിച്ച് ഗവൺമെന്റിന് രണ്ടുമൂന്ന് പരാതികൾ കിട്ടിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷമായി മതികെട്ടാനിൽ കയ്യേറ്റം നടന്നിട്ട്. അന്ന് കേരളം ഭരിച്ച ഇടതുപക്ഷമുന്നണി സർക്കാർ ഒരൊറ്റ കയ്യേറ്റക്കാരേയും ഇറക്കി വിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് പരാതി കിട്ടിയപ്പോൾ തന്നെ കയ്യേറ്റക്കാരെ ഇറക്കി വിടാൻ തീരുമാനമെടുക്കുകയും ഇറക്കി വിടുകയും ചെയ്തു. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യു വകുപ്പു സെക്രട്ടറി , വനം വകുപ്പു സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ നിയമിക്കുകയും ആ കമ്മിറ്റി നൽകിയ അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും ചെയ്യും. മതികെട്ടാൻ മലയിൽ മാത്രമല്ല

കേരളത്തിൽ ഒരിടത്തും ഭൂമി കയ്യേറ്റം ഈ സർക്കാർ അനുവദിക്കില്ല. വനം കയ്യേറ്റം പ്രോത്സാഹിപ്പിക്കുകയുമില്ല. നിയമന നിരോധനവും പിരിച്ചുവിടലും ഈ ഗവൺമെന്റിന്റെ പോളിസിയല്ല. ഈ ഗവൺമെന്റ് നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല. പി.എസ്.സി. നിയമനത്തിലുള്ള തടസ്സങ്ങൾ നീക്കാൻ നടപടി സ്വീകരിക്കും. റീ–ഡിപ്ളോയ്മെന്റ് ഈ ഗവൺമെന്റിന്റെ പരിപാടിയാണ്. 45 ലക്ഷത്തോളം തൊഴിലില്ലാത്ത ചെറുപ്പക്കാരുള്ള കേരളത്തെ രക്ഷിക്കാൻ ഒരു പുതിയ വികസന സംസ്കാരം രൂപപ്പെടുത്തേണ്ടതുണ്ട്. കേരളത്തിലേക്ക് ഇൻവെസ്റ്റേഴ്സിനെ ആകർഷിക്കാൻ പറ്റിയ ഒരു ഇൻവെസ്റ്റ്മെന്റ് ക്ലൈമറ്റ് ഉണ്ടാകണം. വികസന കാര്യത്തിൽ ഒരു പുതിയ സമീപനം സ്വീകരിച്ചുകൊണ്ട് ഒരു പുതിയ കേരളം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള സമന്വയമുണ്ടാകണം. കേരളത്തെ തകർച്ചയിൽ നിന്നും രക്ഷിക്കാൻ കക്ഷിഭേദമെന്യേ എല്ലാവരുടേയും സഹകരണമുണ്ടാകണം. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II– ാം നംപർ ധനാഭ്യർത്ഥന 38–നെതിരെ 84 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 1.52–ന് പിരിഞ്ഞു.

....